ഉത്തരം

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിൽ പ്രമേഹ രോഗത്തെ സംബന്ധിച്ചുള്ള വിവിധ തരത്തിലുള്ള പ്രതിരോധ ചികിത്സാ പരിപാടികളും ഗവേഷണ പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾക്കു പുറമേ തിരുവനന്തപുരം പബ്ളിക് ഹെൽത്ത് ലബോറട്ടറി പരിസരത്തുള്ള സിറ്റിസെന്ററിൽ പ്രമേഹ രോഗികളുടെ പരിശോധന, വിവിധ ലബോറട്ടറി പരിശോധനകൾ എന്നിവ നടന്നു വരുന്നു. അടുത്ത കാലത്തായി പ്രമേഹ പ്രതിരോധ ക്ളിനിക്ക് പൊവ്വ, വ്യാഴം ദിവസങ്ങളിൽ ഡയറ്റ് കൗൺസലിംഗ് തുടങ്ങിയ സേവനങ്ങളും നേത്രപരിശോധനയും നടത്തിവരുന്നു. അസ്ഥി, പേശി സംബന്ധമായ ക്ളിനിക്ക്, നെഫ്രോളജി ക്ളിനിക്ക് എന്നിവ ഉടൻ ആരംഭിക്കുന്നുണ്ട്. ഇതു കൂടാതെ വിവിധ ബോധവൽക്കരണ പരിപാടികളും നടന്നു വരുന്നു. യൂറോപ്യൻ കമ്മീഷന്റെ സെക്ടർ ഇൻവെസ്റ്റ്മെന്റ് പദ്ധതിയുടെ ഭാഗമായി 'ഗർഭകാലത്തുള്ള പ്രമേഹ' രോഗത്തെക്കുറിച്ചുള്ള വിശദമായ ഒരു പഠന നിർദ്ദേശം സമർപ്പിക്കുകയും അത് അംഗീകരിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. ഇതേ പദ്ധതിയിൻ കീഴിൽ ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും ആവിഷ്കരിച്ചുവരുന്നു.

(ബി) ചോദ്യം 'എ' യുടെ ഉത്തരമായി നൽകിയിട്ടുള്ള കാര്യങ്ങളെല്ലാം തന്നെ നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്ന തരത്തിലുള്ളവയാണ്; കൂടാതെ പുതിയ പൊതുജന സമ്പർക്കപരിപാടികൾ, ഗവേഷണ പദ്ധതികൾ, പുതിയതരം പരിശോധന/ചികിത്സാ രീതികൾ എന്നിവയും ജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

(സി) ഒന്ന്.

(ഡി) ഇപ്പോൾ ഈ ഇൻസ്റ്റിറ്റ്യൂട്ട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അടിസ്ഥാന സൗകര്യങ്ങളിലുള്ള അപര്യാപ്തതകളാണ്. വിവിധ അന്തർദ്ദേശീയ ഏജൻസികളിൽനിന്നും ഈ ദിശയിൽ സഹായം ലഭ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ധനസഹായത്തിനായി കേന്ദ്രസർക്കാരിനേയും സമീപിക്കുന്നുണ്ട്.

(ഇ) ഇതിനുള്ള സാദ്ധ്യത ആരായുന്നതാണ്.

സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച ആശുപത്രികളും ജീവനക്കാരുടെ ഒഴിവ് നികത്തലും

136. [903] ശ്രീ. എം.വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ഡോക്ടർ, പാരാമെഡിക്കൽ, മറ്റു ജീവനക്കാർ എന്നിവരുടെ ഒഴിവുകൾ നികത്താത്തത് കാരണം ആശുപത്രികളുടെ പ്രവർത്തനം തന്നെ തടസ്സപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള ആശുപത്രികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിവിധ ചികിത്സാ രീതികളിലായി എത്ര ആശുപത്രികൾ പ്രഖ്യാപിച്ചുവെന്നും അതിൽ എത്രയെണ്ണം ആരംഭിച്ചു എന്നും വെളിപ്പെടുത്താമോ ;

(സി) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി അനുവദിച്ച എത്ര തസ്തികകളിൽ നിയമനം നടത്തി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

137. [904] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആശുപത്രികളിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് ;

(ബി) ഒഴിവുകൾ ഓരോ ജില്ലയിലും എത്രവീതമെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ നികത്താത്തത് മൂലം രോഗികൾ ബുദ്ധിമുട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഒഴിവുകൾ നികത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(ഡി) യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനും, അറ്റകുറ്റപ്പണികൾക്കുമായി എന്തു തുക ചെലവഴിച്ചുവെന്നും, അവയുടെ വർഷം തിരിച്ചുള്ള കണക്കും വ്യക്തമാക്കുമോ ;

(ഇ) രോഗികൾക്ക് സൗജന്യമായി നൽകിവരുന്ന പല ജീവൻ രക്ഷാ മരുന്നുകളും സർക്കാർ ആശുപത്രികളിൽ ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) പൊതുജനാരോഗ്യ സംവിധാനം സംരക്ഷിക്കണമെന്നും ഒഴിവുള്ള തസ്തികകൾ നികത്തണമെന്നും ആവശ്യപ്പെട്ട് ഏതെങ്കിലും സംഘടനകൾ പ്രക്ഷോഭം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി, ഇ & എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly